**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2567** **15-10-2024 - ൽ മറുപടിയ്ക്ക്**

**പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. ചാണ്ടി ഉമ്മൻ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ നിർമ്മിക്കുന്നതിനുള്ള കേന്ദ്രസർക്കാർ പദ്ധതിയിൽ പങ്കാളിയാകാതെ സംസ്ഥാനത്ത് പ്രത്യേക പദ്ധതി നടപ്പാക്കാനുള്ള കാരണം വ്യക്തമാക്കുമോ; | (എ) | കേന്ദ്ര സർക്കാർ രാജ്യത്തെ PACS -കൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ പദ്ധതി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുന്നതിന് വളരെ മുൻപേ തന്നെ കേരളം സംസ്ഥാനത്തെ PACS -കളിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും, RFP പ്രകാരമുള്ള ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിരുന്നു. കേന്ദ്രം തയ്യാറാക്കിയിട്ടുള്ള സോഫ്റ്റ് വെയർ കേരളത്തിലെ PACS കളുടെ നിലവിലത്തെ പ്രവർത്തന വൈപുല്യത്തിന് അനുസരിച്ച് പര്യാപ്തമല്ല എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലും പ്രാഥമിക സംഘങ്ങളുടെ പ്രവർത്തന മേഖലയെ മുഴുവൻ ഉൾക്കൊള്ളുവാൻ കേന്ദ്ര സോഫ്റ്റ്‌വെയറിന് കഴിയില്ല എന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്രസർക്കാർ പദ്ധതിയിൽ പങ്കാളിയാകാതിരുന്നത്. |
| (ബി) | സോഫ്റ്റ്‌വെയർ നിർമ്മാണത്തിന്റെ ചെലവ് പൂർണമായും കേന്ദ്രസർക്കാർ വഹിക്കുന്ന പ്രസ്തുത പദ്ധതിയിൽ നിന്നും പിന്മാറി പ്രത്യേക സോഫ്റ്റ്‌വെയർ നിർമ്മിക്കുവാൻ തീരുമാനിച്ചതിലൂടെ സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് വലിയ സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതായുള്ള ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ സഹകരണ സംഘങ്ങൾക്ക് എന്തെങ്കിലും സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര സോഫ്റ്റ്‌വെയർ പദ്ധതിയുടെ ഭാഗമായി വരുന്ന ഹാർഡ്‌വെയർ പ്രൊക്യൂർമെൻറ്, ഡിജിറ്റൈസേഷൻ, സിസ്റ്റം സപ്പോർട്ട്, ട്രെയിനിങ് എന്നിവക്ക് ചിലവാകുന്ന തുകയുടെ 40% സംസ്ഥാന സർക്കാർ വഹിക്കേണ്ട രീതിയിലാണ് കേന്ദ്ര സോഫ്റ്റ്‌വെയർ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.<br><br>സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനായി SaaS മോഡൽ സോഫ്റ്റ്‌വെയറിനാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. ടെണ്ടറിൽ പങ്കെടുത്ത് TCS സമർപ്പിച്ച ഫിനാൻഷ്യൽ ബിഡ് ഇതിനകം അംഗീകരിച്ച് കരാർ ഒപ്പിടുന്നതിന് നടപടികൾ സ്വീകരിച്ച് വരികയാണ്. |

| | | | |
|---|---|---|---|
| (സി) | നിലവിൽ പല സഹകരണ സംഘങ്ങളും സ്വന്തമായി സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്ന സാഹചര്യത്തിൽ അതുമാറ്റാതെ തന്നെ കേന്ദ്ര പദ്ധതിയുടെ ഭാഗമാകാം എന്നിരിക്കെ വലിയ തുക ചെലവഴിച്ചുകൊണ്ട് പുതിയ സോഫ്റ്റ്‌വെയർ നിർമ്മിക്കുന്ന പദ്ധതി നടപ്പാക്കാനുള്ള തീരുമാനം പുന:പരിശോധിക്കുമോ; വിശദമാക്കുമോ? | (സി) | കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ഏകീകൃത സോഫ്റ്റ്‌വെയർ പദ്ധതിയുടെ ഭാഗമാകുന്ന സഹകരണ സംഘങ്ങൾ ടി പദ്ധതി പ്രകാരം കേന്ദ്ര സർക്കാർ ലഭ്യമാക്കുന്ന സോഫ്റ്റ്‌വെയർ സംവിധാനത്തിലേക്ക് മാറേണ്ടതുണ്ട്. കേന്ദ്ര പദ്ധതിയുടെ ഭാഗമാകുന്നതോട്ടുകൂടി സംഘങ്ങൾ നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ തുടർന്ന് ഉപയോഗിക്കാൻ സാധിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ